

● എസ്.എൻ.ഡി.പി. ചാരുംമൂട് യൂണിയൻ കടുവിനാൽ 4068-ാം നമ്പർ ആശാൻ സ്മാരക ശാഖയുടെ ഗുരുക്ഷേത്ര സമർപ്പണ സമ്മേളനം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഉദ്ഘാടനം ചെയ്യുന്നു.

സതീശൻ സർക്കാരിന് മാർക്ക് നൽകാൻ സമയമായിട്ടില്ല: വെള്ളാപ്പള്ളി നടേശൻ

ചാരുംമൂട്: മറ്റുള്ളവരുടെ അച്ചാരം വാങ്ങി സമുദായത്തെ നശിപ്പിക്കാൻ വരുന്ന കുലംകുത്തികളെ തിരിച്ചറിയണമെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. ചാരുംമൂട് യൂണിയനിൽ പെട്ട കടുവിനാൽ 4068-ാം നമ്പർ ആശാൻ സ്മാരക ശാഖയുടെ ഗുരുക്ഷേത്ര സമർപ്പണവും സമ്മേളനവും ഉദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. കുമാരനാശാനെപ്പോലും കള്ളനെന്നു വിളിച്ചിട്ടുണ്ട്. സ്ഥാപിത താത്പര്യക്കാർ കൊല്ലാൻ ശ്രമിച്ചിട്ടും അതിജീവിച്ചാണ് താൻ മുന്നോട്ടു പോകുന്നത്. പരസ്പരം കലഹമല്ല സംഘടിതരായി ഒരുമിച്ചുനിന്ന് പ്രവർത്തിക്കുകയാണ് വേണ്ടത്. മറ്റ് പല സമുദായങ്ങളും മതസംഘടനകളും ഗുരുവിന്റെ ആപ്തവാക്യം ഉൾക്കൊണ്ട് സംഘടിക്കുകയും അവകാശങ്ങൾ പിടിച്ചു വാങ്ങുകയും ചെയ്തു. സംഘടിതമായ വോട്ടുബാങ്ക് രാഷ്ട്രീയത്തിൽ പിന്നോക്ക വിഭാഗങ്ങൾ പുറകിലേക്കു തള്ളപ്പെടുന്ന കാഴ്ചയാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.

സതീശൻ സർക്കാരിനെ വിലയിരുത്തി മാർക്ക് നൽകുവാനുള്ള സമയമായിട്ടില്ലെന്നും മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനു മറുപടിയായി അദ്ദേഹം പറഞ്ഞു.ഇന്നലെ രാവിലെ ശിവഗിരി മഠം സന്യാസി അഭയാനന്ദ സ്വാമികളുടെ മുഖ്യ കാർമ്മികത്വത്തിൽ ആചാര്യൻ പി. രവീന്ദ്രൻ പഞ്ചലോഹ വിഗ്രഹ പ്രതിഷ്ഠാ നടത്തി. ചാരുംമൂട് യൂണിയൻ പ്രസിഡന്റ് ഡോ.എ.വി. ആനന്ദരാജ് അധ്യക്ഷത വഹിച്ചു. ശാഖാ ഓഫീസിന്റെയും ഓഡിറ്റോറിയത്തിന്റെയും ഉദ്ഘാടനം എം.എസ്. അരുൺ കുമാർ എം.എൽ.എ നിർവ്വഹിച്ചു.യൂണിയൻ കൺവീനർ ഗോപൻ ആഞ്ഞിലിപ്ര മുഖ്യ പ്രസംഗം നടത്തി.യൂണിയൻ വൈസ് ചെയർപേഴ്സൺ രമാ സുരേഷ് സന്ദേശം നൽകി. ശാഖാ പ്രസിഡന്റ് ഗോപകുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയംഗങ്ങളായ ശശി സ്റ്റീലാന്റ്, ടി.എസ്.അശോകൻ, ഷിബു കൊട്ടയ്ക്കാട്ടുശ്ശേരി, വി.വിഷ്ണു, വനിതാ സംഘം കൺവീനർ ഷീലാ സോമൻ, സുരേഷ് തെങ്ങയത്ത്, രവീന്ദ്രൻ ,അർച്ചന പ്രദീപ്, മഹേഷ് വെട്ടിക്കോട്, രഞ്ജിത്ത്, ടി.ഡി. വിജയൻ, കെ.പി. ചന്ദ്രൻ, ശാഖാ സെക്രട്ടറി രാധാകൃഷ്ണൻ കൈരളി എന്നിവർ പ്രസംഗിച്ചു.



● പക്ഷിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്ത് പരിധിയിൽ വളർത്തുപക്ഷികളെ കൊന്നുനശിപ്പിക്കുന്ന ദ്രുതകർമ്മ സേനാംഗങ്ങൾ.



● ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് പരിധിയിൽ വളർത്തുപക്ഷികളെ കൊന്നു നശിപ്പിക്കുന്ന പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ദ്രുതകർമ്മ സേനാംഗങ്ങൾ.

പക്ഷിപ്പനി: 18,620 വളർത്തുപക്ഷികളെ കൊന്ന് നശിപ്പിച്ചു

● 28,040 മുട്ടകളും 100 കിലോ തീറ്റയും നശിപ്പിച്ചു

ആലപ്പുഴ: ജില്ലയിൽ അമ്പലപ്പുഴ നോർത്ത്, ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് രോഗം പടരുന്നത് ഒഴിവാക്കാൻ പ്രഭവകേന്ദ്രങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള 18620 വളർത്തുപക്ഷികളെ ഇന്നലെ കൊന്നു നശിപ്പിച്ചു. ആകെ 7116 കോഴി, 11057 താറാവ്, 447 കാട എന്നിവയെയാണ് നശിപ്പിച്ചത്. 28040 മുട്ടകളും 100 കിലോ തീറ്റയും നശിപ്പിച്ചു.

അമ്പലപ്പുഴ നോർത്തിലെ ഗ്രാമപഞ്ചായത്തിലെ പ്രഭവ കേന്ദ്രത്തിന് ചുറ്റും 7331 പക്ഷികളെയും ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിൽ 11289 പക്ഷികളെയുമാണ് കൊന്നത്. നശിപ്പിച്ചവയിൽ ഫാമുകളിലെയും വീടുകളിലെയും വളർത്തു പക്ഷികൾ ഉൾപ്പെടുന്നു.

അമ്പലപ്പുഴ നോർത്തിൽ 1636 വലിയ കോഴികൾ, 5225 ചെറിയ കോഴികൾ, 447 കാടകൾ, മൂന്ന് താറാവുകൾ, എന്നിവ നശിപ്പിച്ചു. 40 മുട്ടകളും ഇവിടെ നശിപ്പിച്ചു. പ്രഭവ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന അമ്പലപ്പുഴ സൗത്ത് ഗ്രാമപഞ്ചായത്തിലെ 20 പക്ഷികളെയും നശിപ്പിച്ചു.

ചെന്നിത്തല-തൃപ്പെരുന്തുറയിൽ 235 കോഴികൾ, 586 താറാവുകൾ, 10468 താറാകുഞ്ഞുങ്ങൾ എന്നിവ നശിപ്പിച്ചു. ഇവിടെ 28000 മുട്ടകളാണ് നശിപ്പിച്ചത്. രണ്ടു പ്രഭവകേന്ദ്രങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുമായി മൂന്ന് വീതം ദ്രുതകർമ്മ സേനയുടെ നേതൃത്വത്തിലാണ് നശിപ്പിക്കൽ പ്രവൃത്തി നടന്നത്. ഒരോ ദ്രുതകർമ്മ സേനയിലും ഒരു ഡോക്ടർ, രണ്ട് ലൈഫ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ, രണ്ട് അറ്റൻഡർമാർ എന്നിവരും നാല് തൊഴിലാളികളും ഉണ്ടായിരുന്നു.

പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങളിലെ പ്രോട്ടോക്കോൾ പ്രകാരം പി.പി.ഇ കിറ്റ് ധരിച്ചു, ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തിയാണ് ദ്രുതകർമ്മ സേനാംഗങ്ങൾ പ്രവൃത്തി തുടങ്ങിയത്. നശിപ്പിച്ച പക്ഷികളുടെ അവശിഷ്ടങ്ങളിൽ നിന്ന് വൈറസ് പകരുന്നത് തടയാൻ അവശിഷ്ടം വിറക്, തൊണ്ട്, ചിരട്ട, പഞ്ചസാര, ഡീസൽ എന്നിവ ഉപയോഗിച്ച് കത്തിച്ചു.

ആലപ്പുഴയിൽ നിന്ന് ഇന്നലെ രാവിലെ ഏഴ് മണിയോടെയാണ് ദ്രുതകർമ്മ സേന രണ്ടു പഞ്ചായത്തുകളിലേക്കും തിരിച്ചത്. മൃഗസംരക്ഷണം, വെറ്ററിനറി, ആരോഗ്യ വകുപ്പുകളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണം, പോലീസ്, ഭക്ഷ്യസുരക്ഷ വകുപ്പുകൾ സഹകരിച്ചു.

അമ്പലപ്പുഴ നോർത്തിലെ വാർഡ് 11-ലെ ഫാമിലെ കാടകളിലും കോഴികളിലും ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ ഫാമിലെ താറാവുകളിലും കോഴികളിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. പ്രഭവ കേന്ദ്രങ്ങളുടെ 10 കിലോമീറ്റർ ചുറ്റളവ് നിരീക്ഷണ മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

വിട്ടൊഴിയാതെ പക്ഷിപ്പനി ഭീതി

അമ്പലപ്പുഴ: പക്ഷിപ്പനി ഭീതി വിട്ടൊഴിയാതെ വീണ്ടും നാട്. ഇതവണയും പതിനായിരക്കണക്കിന് വളർത്തു പക്ഷികളെ പക്ഷിപ്പനിയുടെ പേരിൽ കൊന്നൊടുക്കുമ്പോഴും കഴിഞ്ഞ വർഷത്തെ നഷ്ട പരിഹാരം ഉടമകൾക്കു ലഭിച്ചിട്ടില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി നവംബർ, ഡിസംബർ മാസങ്ങളിൽ കേരളം പക്ഷിപ്പനി ഭീതിയിലാണ്. ദേശാടനപക്ഷികളുടെ വരവാണ് പക്ഷിപ്പനിക്ക് കാരണമാകുന്നതെന്നാണ് നിഗമനം.

കഴിഞ്ഞ വർഷവും ഈ കാലയളവിൽ ജില്ലയുടെ പല ഭാഗങ്ങളിലായി പതിനായിരക്കണക്കിന് വളർത്തു പക്ഷികളെയാണ് പക്ഷിപ്പനിയുടെ പേരിൽ കൊന്നൊടുക്കിയത്. ഇത്തവണയും നവംബർ മാസം പകുതി പിന്നിട്ടപ്പോൾ നാട് വീണ്ടും പക്ഷിപ്പനി ഭീതിയിലായി. ക്രിസ്മസ് വിപണി ലക്ഷ്യമിട്ട് വളർത്തിയ താറാവ്, കോഴി, കാട എന്നിവയെയാണ് കഴിഞ്ഞ വർഷത്തേപ്പോലെ ഇത്തവണയും കൊന്നൊടുക്കുന്നത്.

സർക്കാർ പണയം വച്ചും സഹകാരി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നടക്കം അമിത പലിശക്ക് പണമെടുത്തുമാണ് ഭൂരിഭാഗം കർഷകരും കൃഷി ചെയ്യുന്നത്. 30 ദിവസം പ്രായമുള്ളതിന് 100 രൂപയും നാല് മാസത്തിന് മുകളിൽ പ്രായമുള്ളതിന് 200 രൂപയുമാണ് കഴിഞ്ഞ തവണ സർക്കാർ നഷ്ടപരിഹാരമായി പ്രഖ്യാപിച്ചിരുന്നത്.

ഇതുതന്നെ അപര്യാപ്തമാണെന്നാണ് കർഷകർ പറയുന്നത്. നാല് മാസത്തിന് മുകളിൽ പ്രായമുള്ള താറാവിന് പൊതുവിപണിയിൽ 700 രൂപ വിലയുള്ളപ്പോഴാണ് സർക്കാർ 200 രൂപ നൽകാമെന്ന് പ്രഖ്യാപിച്ചത്. എന്നാൽ വർഷം ഒന്ന് കഴിഞ്ഞിട്ടും ഈ തുകയും തങ്ങൾക്ക് ലഭിച്ചിട്ടില്ലെന്നാണ് കർഷകർ പറയുന്നത്. പതിനായിരക്കണക്കിന് വളർത്തു പക്ഷികളുണ്ടായിരുന്ന കർഷകർക്ക് നഷ്ട പരിഹാരമായി ലഭിക്കേണ്ട വലിയ തുക ഇന്നും പ്രഖ്യാപനത്തിലൊതുങ്ങിയിരിക്കുകയാണ്.



● പക്ഷിപ്പനി ബാധയെത്തുടർന്ന് അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് പരിധിയിൽ വളർത്തുപക്ഷികളെ കൊന്നൊടുക്കുന്നു.

ശസ്ത്രക്രിയയ്ക്കിടെ ഗൃഹനാഥ മരിച്ചു; ചികിത്സാപ്പിഴവെന്ന് ബന്ധുക്കൾ, പൊലീസ് കേസെടുത്തു

ചെങ്ങന്നൂർ: സ്വകാര്യ ആശുപത്രിയിൽ തൈറോയ്ഡ് ശസ്ത്രക്രിയയ്ക്ക് വിധേയയായ ഗൃഹനാഥ മരിച്ചു. ചികിത്സാപ്പിഴവാണ് മരണകാരണമെന്നാരോപിച്ച് ബന്ധുക്കൾ വെൺമണി പൊലീസിൽ പരാതി നൽകി. കൊല്ലം ചവറ തേവലക്കര തെക്കും ഭാഗം അനിൽ ഭവനത്തിൽ അനിലിന്റെ ഭാര്യ ഉദയലക്ഷ്മി (42) ആണു മരിച്ചത്.

അടുത്തിടെ നടത്തിയ ആരോഗ്യപരിശോധനയിലാണ് ഉദയലക്ഷ്മിക്ക് തൈറോയ്ഡ് രോഗം സ്ഥിരീകരിച്ചത്. തുടർന്നു നടത്തിയ ബയോപ്സിയിൽ അർബുദലക്ഷണങ്ങൾ കണ്ടതോടെ കൊല്ലകടവിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുകയായിരുന്നു. ഞായറാഴ്ച ആശുപത്രിയിൽ പ്രവേശിപ്പിച്ച ഉദയലക്ഷ്മിയെ തിങ്കളാഴ്ച ശസ്ത്രക്രിയയ്ക്ക് വിധേയയാക്കി. രോഗം മറ്റു ഭാഗങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ടെന്നും ശ്വാസനാളിയുടെ ഭാഗം ഉൾപ്പെടെ നീക്കം ചെയ്യേണ്ടി വന്നുവെന്നും ഡോക്ടർമാർ ബന്ധുക്കളെ അറിയിച്ചിരുന്നു.ശസ്ത്രക്രിയയ്ക്ക് പിന്നാലെ ഉദയലക്ഷ്മിക്ക് കടുത്ത ശ്വാസംമുട്ടൽ അനുഭവപ്പെട്ടതിനെ തുടർന്ന് തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റി. ശ്വാസതടസം പരിഹരിക്കുന്നതിനായി ചൊവ്വാഴ്ച ഉച്ചയോടെ തൊണ്ടയിൽ ട്യൂബ് ഇടുന്നതിനുള്ള ട്രക്കിയോസ്റ്റമി ശസ്ത്രക്രിയയ്ക്ക് വീണ്ടും വിധേയയാക്കി. എന്നാൽ, ശസ്ത്രക്രിയയ്ക്കിടെ ഹൃദയാഘാതമുണ്ടായി മരണം സംഭവിക്കുകയായിരുന്നുവെന്ന് ചികിത്സയ്ക്ക് നേതൃത്വം നൽകിയ സർജറി വിഭാഗം ഡോ. ബാലകൃഷ്ണൻ അറിയിച്ചു.

ശസ്ത്രക്രിയയ്ക്ക് മുന്നോടിയായി ഹൃദയസംബന്ധമായ പരിശോധനകളടക്കം പൂർത്തിയാക്കിയിരുന്നതായും മറ്റ് ആരോഗ്യപ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നും ഭർത്താവിന്റെ സഹോദരൻ പ്രദീപ് പറഞ്ഞു. രണ്ടാമത്തെ ശസ്ത്രക്രിയയ്ക്ക് കയറ്റുന്നതിന് തൊട്ടുമുമ്പുവരെ സംസാരിച്ചിരുന്ന ആളുടെ പെട്ടെന്നുള്ള മരണത്തിൽ ദുരൂഹതയുണ്ടെന്നും സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്നും ഉദയലക്ഷ്മിയുടെ സഹോദരൻ സന്തോഷ് ആവശ്യപ്പെട്ടു.

സംഭവത്തിൽ വെൺമണി പൊലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടം നടത്തിയ ശേഷം മൃതദേഹം ബന്ധുക്കൾക്കു വിട്ടുനൽകി. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചാലേ മരണത്തിന്റെ യഥാർഥ കാരണം വ്യക്തമാകുവെന്ന് പൊലീസ് അറിയിച്ചു.വിവാഹശേഷം 17 വർഷത്തെ നീണ്ട കാത്തിരിപ്പിനൊടുവിൽ ഐ.വി.എഫ് ചികിത്സയിലൂടെ ഉദയലക്ഷ്മിക്കും അനിലിനും ലഭിച്ച ഏക മകനാണ് ഏഴുവയസുകാരൻ രുദ്രനന്ദൻ. 25 വർഷമായി സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന ഭർത്താവ് അനിൽ എട്ടുമാസം മുമ്പാണ് അവധി കഴിഞ്ഞ് തിരികെ പോയത്.

ശബരിമല തീർഥാടനം: നഗരസഭയുടെ സേവനകേന്ദ്രം തുറന്നു

ചെങ്ങന്നൂർ: നഗരസഭാ ഓഫിസിന് എതിർവശം റെയിൽവേ സ്റ്റേഷനു സമീപമായി ശബരിമല തീർഥാടകർക്കുള്ള നഗരസഭയുടെ സേവന കേന്ദ്രം പ്രവർത്തനമാരംഭിച്ചു. കൊടിക്കുന്നിൽ സുരേഷ് എം.പി ഉദ്ഘാടനം നിർവഹിച്ചു. ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.ഷിബു രാജൻ അധ്യക്ഷത വഹിച്ചു. നഗരസഭ ചെയർമാൻ മനീഷ് കിഴക്കേത്തിൽ മുഖ്യാതിഥിയായി. വൈസ് ചെയർപേഴ്സൺ സാലി ജെയിംസ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ പി.കെ. അനിൽകുമാർ, ടി.കുമാരി, മറിയാമ്മ ജോൺ ഫിലിപ്പ്, അഡ്വ.ശോഭാ വർഗീസ്,അഖിലഭാരത അയ്യപ്പ സേവാസംഘം ദേശീയ വൈസ് പ്രസിഡന്റ് അഡ്വ.ഡി.വിജയകുമാർ കൗൺസിലർമാരായ സിനി ബിജു, ലേഖ ജയൻ, എൻ. അനുപമ, എസ്. സജിത, സന്നിത മാത്യു, സുസമ്മ എബ്രഹാം, വി.എസ്. സവിത,കെ.സി. സുജാത, ബിജു അലക്സാണ്ടർ, റെജി കാഞ്ഞിക്കൽ, പി.വിജയകുമാരി അമ്മാൾ, ശരണ്യ സുരേന്ദ്രൻ , ജിസ്റ്റാ എം.ബാബു, ഏലിയാമ്മ സജി, എസ്.സുധാമണി, നഗരസഭാ സെക്രട്ടറി ബി.ഷമീർ മുഹമ്മദ്, ഹെൽത്ത് സൂപ്പർവൈസർ ജി.എസ്. സുരേഷ്, ഹെൽത്ത് ഇൻസ്പെക്ടർമാരായ എ.അജയൻ,എൽ. പ്രതീക്ഷ എന്നിവർ പ്രസംഗിച്ചു. സേവന കേന്ദ്രത്തിൽ ഒരേസമയം 500 ഓളം പേർക്ക് വിരി വെയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഭജനയ്ക്കായി മൈക്ക് സെറ്റ്, കുടിവെള്ളം, മാലിന്യ സംസ്കരണ ഉപാധികൾ എന്നിവയും ക്രമീകരിച്ചിട്ടുണ്ട്. പ്രാഥമിക കാര്യങ്ങൾക്കുള്ള സൗകര്യം നഗരസഭ പ്രത്യേകം ഒരുക്കിയിട്ടുണ്ട്.

അയ്യപ്പഭക്തർക്ക് അന്നദാനം തുടങ്ങി

ചെങ്ങന്നൂർ: അഖിലഭാരത അയ്യപ്പസേവാ സംഘം ചെങ്ങന്നൂർ താലൂക്ക് യൂണിയന്റെ ആഭിമുഖ്യത്തിൽ ശബരിമല തീർഥാടകരായ അയ്യപ്പഭക്തന്മാർക്കുവേണ്ടി ചെങ്ങന്നൂർ കുന്പ് ഓഫിസിൽ ആരംഭിച്ച അന്നദാനം നഗരസഭാ ചെയർമാൻ മനീഷ് കിഴമാത്തിൽ ഉദ്ഘാടനം ചെയ്തു. താലൂക്ക് യൂണിയൻ പ്രസിഡന്റ് സദാശിവൻ നായർ അധ്യക്ഷത വഹിച്ചു.

താലൂക്ക് സെക്രട്ടറി ഷാജിവേഴപ്പറമ്പിൽ, താലൂക്ക് വൈസ് പ്രസിഡന്റുമാരായ കെ.ബാലസുന്ദരപ്പണിക്കർ, കെ.ബി.ഗോപാലൻ നായർ, ബോധിനി പ്രഭാകരൻ നായർ എന്നിവർ പ്രസംഗിച്ചു.

പക്ഷിപ്പനി നിയന്ത്രണം: എസ്.ഒ.പി. നടപ്പാക്കണമെന്ന് പൗൾട്രി ഫെഡറേഷൻ

ആലപ്പുഴ: പക്ഷിപ്പനി നിയന്ത്രണവിധേയമാക്കുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജർ (എസ്.ഒ.പി) അടിയന്തരമായി നടപ്പാക്കണമെന്ന് ഓൾ കേരള പൗൾട്രി ഫെഡറേഷൻ. ഇതിനായി ഫെഡറേഷൻ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം ജില്ലാ മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കണമെന്നും ഫെഡറേഷൻ ആവശ്യപ്പെട്ടു.കഴിഞ്ഞ 15 വർഷമായി ആലപ്പുഴയിൽ തുടർച്ചയായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുന്നത് പൗൾട്രി മേഖലയ്ക്കു മാത്രമല്ല, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ, ടൂറിസം, ഭക്ഷ്യമേഖല എന്നിവയ്ക്കും വലിയ തിരിച്ചടിയാകുന്നുണ്ട്. രോഗനിയന്ത്രണത്തിനായി മുൻകരുതൽ നടപടികൾ ശക്തമാക്കണം. പക്ഷിപ്പനിയുടെ പേരിൽ പക്ഷികളെ കൊന്നൊടുക്കേണ്ടിവരുന്ന കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകണം. ക്രിസ്മസ്, പുതുവത്സര വിപണികളെയും പക്ഷിപ്പനി പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്നും കർഷകർക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും ഫെഡറേഷൻ ജനറൽ സെക്രട്ടറി എസ്. കെ. നസീർ ആവശ്യപ്പെട്ടു.

ടെണ്ടറുകൾ ക്ഷണിക്കുന്നു

ചേർത്തലയിൽ വെച്ച് നടക്കുന്ന ആലപ്പുഴ റവന്യൂ ജില്ലാ സ്കൂൾ കലോത്സവം 2026-27 ന്റെ ഭാഗമായി കലോത്സവ ദിനങ്ങളിലെ ക്ഷണം തയ്യാറാക്കുന്നതിന് (പാത്രം ഉൾപ്പടെ) പ്രവർത്തി പരിചയമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു. പ്രവൃത്തിയുടെ വിശദാംശങ്ങൾ കൺവീനർ (ശ്രീ) ഉദയകുമാർ ഇ ആർ ഫോൺ നം. 9387 693017 നിന്നും ലഭ്യമാണ്.

ടെണ്ടർ ഫോം ലഭിക്കുന്ന തീയതി : 19/11/2026,
ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി, സമയം : 22/11/2026, ഉച്ചയ്ക്ക് 12.00
ടെണ്ടർ തുറക്കുന്ന തീയതി, സമയം : 23/11/2026, 2.00 പി.എം.
നിരതദ്രവ്യം : (2%)
ടെണ്ടർ ഫോം വില : 500/ രൂപ.

സകലമാന പേരെയും അറിയിക്കുന്നത്

പാണാവള്ളി വില്ലേജ് പാണാവള്ളി മുറിയിൽ ചിറ്റയിൽ വീട്ടിൽ നിന്നും ഇപ്പോൾ ഹൗസ് നമ്പർ 3/704 ലോക് ഉപവൻ, പൊക്രോം റോഡ്, അനെ, വെസ്റ്റ് മുംബൈ എന്ന മേൽ വിലാസത്തിൽ താമസം സി.പി. വേണുഗോപാലിന് അവകാശപ്പെട്ട 2011-ലെ പാണാവള്ളി രജിസ്റ്ററിലെ 886-ാം നമ്പർ തീറാധാരപ്രകാരം സിദ്ധിച്ച പാണാവള്ളി വില്ലേജിൽ സർവേ 173/15 ബിയിൽ 1.21 ആർ സ്ഥലം 176/3-4 ൽ 40 ച.മീറ്ററും വസ്തുവിന്റെ മുൻ ആധാരമായ 2008-ലെ ടി രജിസ്റ്ററിലെ 2650-ാം നമ്പർ തീറാധാരവും അതിൽ വിവരിക്കുന്ന മുൻ ആധാരങ്ങളും തിരികെ കിട്ടാത്തവിധം നഷ്ടപ്പെട്ടതായി ടിയാൻ സത്യവാങ്മൂലം ചെയ്ത് എന്നെ അറിയിച്ചിട്ടുള്ളതും ആകുന്നു. ടി 2650-ാം നമ്പർ തീറാധാരം സംബന്ധമായി ആർക്കെങ്കിലും ബാധ്യത ഉണ്ടെങ്കിൽ ഈ പരസ്യതീയതി മുതൽ 7 ദിവസങ്ങൾക്കുള്ളിൽ എന്നെയോ എന്റെ കക്ഷിയായ പാണാവള്ളി വില്ലേജ് ആച്ചാറുകുളം പി.ഒയിൽ തറേപറമ്പ് വീട്ടിൽ ഫാത്തിമ നൗഫിനെയോ വൈലാലുടെ അറിയിക്കേണ്ടതും അല്ലാത്തപക്ഷം ടി തീറാധാരത്തിന്റെ അടിയാളസഹിതം പകർപ്പ് ടി തീറാധാരത്തിന്റെ ഒർജിനലായി പരിഗണിച്ച് തീറാധാരം രജിസ്റ്റർ ചെയ്യുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ഉത്തരവിൻപ്രകാരം
വാദിഭാഗം അഡ്വക്കേറ്റ്
Vineetha P.S., Alappuza (Sd/-)

പരസ്യം

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ മണ്ണഞ്ചേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 4-ൽ റീസർവേ 339/10, 338/16-1 തി പുന്നി സർവേകല്ലിടുപ്പെട്ട 14.33 ആർസ് വസ്തു ടി വില്ലേജിലെ വെളിയിൽ ശാന്തകുമാർ മാതൃ ബിട്ടു കെ. അവർകൾക്ക് 20.09.2023-ൽ മാരാരിക്കുളം SRO-യിലെ 2023-ലെ 1-ാം പുസ്തകം 775-ാം രേഖ 281 മുതൽ 284 വരെ വകയിളവിൽ 2355-ാം നമ്പരായി രജിസ്റ്റാക്കിയിട്ടുള്ള ദാനാധാരപ്രകാരം സിദ്ധിച്ചിട്ടുള്ള വസ്തു ആകുന്നു. ടി പ്രമാണത്തിന്റെ മൂന്നാധാരമായ ടി SRO-യിലെ 504/2004, 505/2004 എന്നീ പ്രമാണങ്ങൾ തിരിച്ചുകിട്ടാനാവാത്തവിധം നഷ്ടപ്പെട്ടുപോയിട്ടുള്ളതിനാൽ ആയതിന്റെ അടയാളസഹിതം പകർപ്പ് സഹിതം ടിയാൻ State Bank of India Main Branch, Alappuzha ശാഖയിൽ വായ്പയ്ക്ക് അപേക്ഷിച്ചിട്ടുള്ളതും ആയതിന്റെ അസ്സൽ ആധാരങ്ങൾ, കൈവശരസീതുകളോ ഏതെങ്കിലും ആക്ഷേപമുണ്ടെങ്കിലോ ടി തീയതിമുതൽ ഒരു മാസത്തിനുള്ളിൽ താഴെ കാണുന്ന അഡ്രസ്സിലോ 7 ദിവസത്തിനകം മൊബൈൽ അറിയിക്കണമെന്നും അല്ലാത്തപക്ഷം പകർപ്പ് സഹിതം പ്രസ്തുത വസ്തുവിന്മേൽ ഒരു ആക്ഷേപവും ഇല്ലാത്തതായി കണക്കാക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

Adv. Lily Joseph (Sd/-)
Room No. 115
Opp. Dist. Court
Municipal Rest House
Alappuzha
Alappuzha
18.11.2026

ബഹുമാനപ്പെട്ട ആലപ്പുഴ മുൻസിഫ് കോടതി മുമ്പാകെ

O.S. No. 349/2021
R.P. No. 23/2025
I.A. No. 1/2025

Petitioner/Defendants 1 to 3:

1. ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കാവാലം പഞ്ചായത്തിൽ കാവാലം തെക്കുഭാഗം മുറിയിൽ കാവാലം വില്ലേജിൽ കാവാലം പി.ഒ.യിൽ ഇടത്തിപറമ്പിൽ വീട്ടിൽ കരുണാകരൻ മകൻ സതീശൻ.
2. ടിയിൽ കരുണാകരൻ മകൻ സദാശിവൻ
3. ടിയിൽ കരുണാകരൻ മകൻ 46 വയസുള്ള സുനിൽ.

Counter Petitioners/ Plaintiff/ Defendant 4 to 14:

1. ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കാവാലം പഞ്ചായത്തിൽ കാവാലം തെക്കുഭാഗം മുറിയിൽ കാവാലം വില്ലേജിൽ കാവാലം പി.ഒ.യിൽ കൊച്ചുപറമ്പ് വീട്ടിൽ മാത്യു മകൻ ഔസേപ്പ് മാത്യു.
2. ടിയിൽ കരുണാകരൻ മകൻ കൊച്ചുപതിനാലിൽ വീട്ടിൽ ഔസേപ്പ് മകൻ സിബി കെ.ഒ.
3. ടിയിൽ കരുണാകരൻ മകൻ ഇത്തിപറമ്പിൽ വീട്ടിൽ കൊച്ചുകുഞ്ഞാന്റ് മകൻ ഹരിദാസ്.
4. ടിയിൽ കരുണാകരൻ മകൻ ഇത്തിപറമ്പിൽ വീട്ടിൽ നിന്നും കോട്ടയം ജില്ലയിൽ കല്ലുമലയിൽ ഐമനം പി.ഒ.യിൽ മണലേൽ വീട്ടിൽ കൊച്ചുകുഞ്ഞാന്റ് മകൻ സുബാഷ്.
5. ടിയിൽ നിന്നും ഇപ്പോൾ താമസം കോട്ടയം ജില്ലയിൽ കല്ലുമലയിൽ ഐമനം പി.ഒ.യിൽ മാളിയേക്കൽ വീട്ടിൽ വിനോദ് കുമാർ ഭാര്യ ഗീത.
6. ടിയിൽ ഇടത്തിപറമ്പിൽ വീട്ടിൽ നിന്നും ഇപ്പോൾ താമസം തിരുവല്ല താലൂക്കിൽ കവുഭാഗം പി.ഒ.യിൽ പാവത്തിൽ കടവ് വീട്ടിൽ അനിൽകുമാർ ഭാര്യ കവിത.
7. ടിയിൽ ഇടത്തിപറമ്പിൽ വീട്ടിൽ കൊച്ചുകുമാരൻ മകൾ ജോതി വാസു
8. ടിയിൽ ഇടത്തിപറമ്പിൽ വീട്ടിൽ കൊച്ചുകുമാരൻ മകൻ രാഹുൽ @ കൃഷ്ണകുമാർ (ഫോൺ നം. 6238914155).